

സലാഹുദ്ദീൻ.കെ.പി
രണ്ടാം വർഷ ഇംഗ്ലീഷ്

# അധിനിവേശം

പാടത്തൊരു തെങ്ങ്
പുൽമേട്ടിലൊരു കാറ്റാടിമരം
കാറ്റാടി പാടത്തേക്കു വന്നു....
തെങ്ങ് പുൽമേട്ടിലേക്ക് പോയില്ല...
അങ്ങനെ അധിനിവേശം കടന്നുവന്നു.

# പ്രി–മോർട്ടം

"ന്നാലുംന്റെ കുട്ട്യേ... എന്തോരു ഇരിപ്പാണിത്"?

"മുത്തശ്ശി അത്....."

"ന്നാ ന്റെ കുട്ട്യിക്ക് പറ്റ്യേത്"?

"ഒന്നൂംല്യ....ഒന്നും".

"ന്നാ പിന്നേ കാച്ച്യെണ്ണയിട്ടൊന്ന് കുളിച്ച് ആ പഴയസാര്യൊന്ന് മാറ്റിക്കൂടേ"?

"മാറ്റാം മുത്തശ്ശീ.... ല്ലാ വേഷവും മാറ്റാം..."

ദൂരെ പകൽകുന്നിറങ്ങുന്നത് കാണാൻ നിൽക്കാതെ അവൾ കരിപിടിച്ച അടുക്കളയിലേക്ക് നടന്നു.

**അരുൺരാജ്**
എം.എ. ഇംഗ്ലീഷ്




# ദിഗംബരൻ

കുളിച്ചുകയറുമ്പോൾ കൽപടവുകളിലൂടെ ഒരു പുല്ലാണി മൂർഖൻ പതുക്കെ ഇഴഞ്ഞ് വന്ന് ആമ്പൽ പൂവുകൾ വിടർന്ന് നില്ക്കുന്ന ഭാഗത്തെ ചെടിപ്പടർപ്പുകൾക്കിടയിലൂടെ അപ്രത്യക്ഷമാകുന്നത് അയാൾ തെല്ലു നേരം നോക്കി നിന്നു. പിന്നെ പൊളിഞ്ഞു വീഴാറായ കുളപ്പുരയുടെ ശേഷിക്കുന്ന ഭാഗത്തെ കഴുക്കോലിൽ തോർത്തു വലിച്ചിട്ട ശേഷം നടന്നു. കുറച്ചകലെ പൂമുഖത്ത് കത്തിച്ചു വെച്ച സന്ധ്യാദീപത്തിന്റെ മങ്ങിയ വെളിച്ചത്തിൽ വീട്........

ഒരിളംതെന്നൽ അയാളെ കടന്നു പോയി, അയാളുടെ നഗ്നമായ ദേഹത്തിലെ ജലത്തുള്ളികൾ കാറ്റിനെ കൂടുതൽ ആർദ്രമാക്കി. കുളക്കടവിൽ നിന്നും വീട്ടിലേക്കുള്ള ഈ പതിവു നടത്തത്തിൽ വസ്ത്രം അയാൾക്ക് ശീലമില്ല. നഗ്നത അയാൾക്ക് നിർവ്വികാരതയുടെ ഒരു ലഹരി സമ്മാനിച്ചിരുന്നു. കുട്ടിക്കാലത്ത് ഈ പറമ്പിലും കുളക്കടവിലുമെല്ലാം അയാൾ നഗ്നനായി ഓടി നടന്നിരുന്നു. അമ്മയുടെ കൈയ്യിലെ പുളിവടിക്കു മുമ്പിൽ ഒരു ചിണുങ്ങലിലും കുളിയിലുമെല്ലാം ആ കുസൃതികൾ അവസാനിച്ചിരുന്നു.

പിന്നെ നഗ്നതയുടെ ഒരു ലോകം തുറന്നിട്ടത് കാമ്പസിലായിരുന്നു. ഹോസ്റ്റൽ മുറിയിൽ സീനിയേഴ്സിനു മുൻപിൽ ആദ്യമായി വസ്ത്രങ്ങളഴിക്കുമ്പോൾ അയാളുടെ കണ്ണുകൾ നിറഞ്ഞിരുന്നു. അത് ഒരു തുടക്കമായിരുന്നു. നഗ്നതയുടെ ഒരവ

**ഹോസ്റ്റൽ മുറിയിൽ സീനിയേഴ്സിനു മുൻപിൽ ആദ്യമായി വസ്ത്രങ്ങളഴിക്കുമ്പോൾ അയാളുടെ കണ്ണുകൾ നിറഞ്ഞിരുന്നു**




സ്ഥയിൽ അയാളുടെ ആത്മാവ് സ്വാതന്ത്ര്യത്തിന്റെ മഞ്ഞ് പൂക്കുന്ന താഴ്‌വാരങ്ങളിലൂടെ അലഞ്ഞു. ഹോസ്റ്റൽ മുറിയിലെ ചുമരുകൾക്കിടയിൽ തീർത്തും അരോചകമായ ഒരാവരണം മാത്രമായി തീരുകയായിരുന്നു അയാൾക്ക് വസ്ത്രങ്ങൾ.

തെക്കിനിയിലൂടെ വീട്ടിലേക്ക് കയറുമ്പോൾ അടുക്കളയിൽ നിന്നാരോ ചുമയ്ക്കുന്നതു കേട്ടു. അവിടെ മാത്രമേ ലൈറ്റിട്ടുള്ളു. പിന്നെ പടിപ്പുര വാതിലോളം കാണാവുന്ന ത്രിസന്ധ്യയുടെ അരണ്ട വെളിച്ചം മാത്രം അതിനപ്പുറം ഇരുട്ടാണ്. അയാളിഷ്ടപ്പെടുന്നതും അതാണ്.

തെക്കിനിയിലൂടെ വീട്ടിലേക്ക് കയറുമ്പോൾ അടുക്കളയിൽ നിന്നാരോ ചുമയ്ക്കുന്നതു കേട്ടു. അവിടെ മാത്രമേ ലൈറ്റിട്ടുള്ളു.

മുറിയിലെ മങ്ങിയവെളിച്ചത്തിൽ മേശപ്പുറത്ത് അയാളെ കാത്തുകൊണ്ടെന്ന പോലെ വിസ്കിയും ഗ്ലാസും വെള്ളവുമെല്ലാം ഉണ്ടായിരുന്നു. നിസ്സംഗമായ ഒരു ഭാവത്തോടെ അത് ചെയ്തിട്ടയാൾ ഒരു സിഗരറ്റിന് തീ പിടിപ്പിച്ച് ജനാലക്കരികിലുള്ള ചാരുകസേരയിൽ പോയിരുന്നു. ചുരുളുകളായി പുക പുറത്തേയ്ക്കു തളുമ്പോൾ അനിർവചനീയമായ ഒരു ലഹരിയിലെന്ന പോലെ അയാളുടെ കൺപോളകൾ



പാതിയടഞ്ഞിരുന്നു. ഇടയ്ക്ക് സിഗരറ്റിന്റെ ചാരം അയാളുടെ നഗ്നതയിൽ വീണപ്പോൾ അങ്ങോട്ടു നോക്കാതെ തന്നെ തട്ടിക്കളഞ്ഞു.


ജൂനിയേഴ്സിനെ നഗ്നരാക്കി നിലത്ത് കൈകുത്തി നിർത്തി ബീഡി വലിപ്പിക്കുന്നതായിരുന്നു അയാളുടെ പ്രധാനപ്പെട്ട റാഗിംഗ് ശൈലി. അങ്ങനെയൊക്കെ ചെയ്യിക്കുമ്പോൾ അയാളുടെ പൊട്ടിച്ചിരിയിൽ പല തേങ്ങലുകളും അലിഞ്ഞില്ലാതാകുമായിരുന്നു. പിന്നീട് ഒരു നിയോഗം പോലെ പോലീസിലെത്തിയപ്പോഴും ഇരകൾക്ക് കുറവുണ്ടായിരുന്നില്ല. കുറ്റം ചെയ്തവരും അല്ലാത്തവരും ഒരു പോലെ അയാളുടെ ഇരകളായി. അവരുടെ പച്ച ശരീരങ്ങളിലൂടെ വൈദ്യുതിയുടെ തീവ്രത പരീക്ഷിക്കപ്പെട്ടു. അവരുടെ മർമ്മങ്ങളിലൂടെ ക്രൂരത കടത്തിവിട്ടു. ഓരോ ക്രൂരത പുറപ്പെടുമ്പോഴും അയാളിൽ ആനന്ദത്തിന്റെ പരകോടികൾ നിറഞ്ഞു.

ജനലിലൂടെ വരുന്ന കാറ്റിന് തണുപ്പു കൂടിക്കൊണ്ടേയിരുന്നു. ഒരു മഴ പെയ്യാനൊരുങ്ങുകയാണ്. കഴിഞ്ഞ ഒരാഴ്ച നിർത്താതെ പെയ്ത മഴ, രണ്ട് ദിവസത്തെ ഇടവേളയ്ക്ക് ശേഷം തിരിച്ചു വരികയാണ്. അയാൾ ആഗ്രഹിച്ചതു പോലെ തന്നെ ജനലുകൾ ഉറക്കെയട

ഞ്ഞു. പക്ഷെ അതിനകം തന്നെ വല്ലാത്ത ഒരു തണുപ്പ് അയാളെ പൊതിഞ്ഞിരുന്നു. കഴിഞ്ഞുപോയ രണ്ടു മണിക്കൂറിലാദ്യമായി ഒരു നൈറ്റ് ഗൗണെടുത്തിട്ട് അയാൾ നഗ്നത മറച്ചു.

ഡൈനിംഗ് ടേബിളിൽ വിളമ്പിവെച്ചിരുന്ന അത്താഴം കഴിഞ്ഞ് ഒരു സിഗരറ്റ് കൂടി വലിച്ച് ചെന്നപ്പോഴേക്കും ഭാര്യ ഉറങ്ങി കഴിഞ്ഞിരുന്നു. പുറത്ത് മഴ തെല്ലമർന്നു തുടങ്ങിയിരുന്നു. ഇപ്പോൾ ചെരിഞ്ഞ് പെയ്യുന്ന നേർത്ത ചാറ്റൽ മഴ മാത്രം. എത്ര ധ്യാനിച്ചിട്ടും ഉറക്കം പിടികൊടുക്കാതെ തെന്നി മാറിക്കൊണ്ടിരുന്നു.

ഇപ്പോൾ ചെരിഞ്ഞ് പെയ്യുന്ന നേർത്ത ചാറ്റൽ മഴ മാത്രം



പുറത്ത് മഴച്ചാലുകളിലൂടെ ആരുടെയൊക്കെയോ കാലടിയൊച്ചകൾ കേൾക്കുന്നുവോ? അതോ ഇലകളും പൂക്കളുമൊക്കെ മഴയുടെ ബൂട്ടിനടിയിൽ ഞെരിഞ്ഞമരുന്നുവോ?

അയാളുടെ നെറ്റിയിൽ വിയർപ്പുകണങ്ങൾ പൊടിഞ്ഞു. അതിന് ഭൂതകാലത്തിന്റെ ഉപ്പുരസമുണ്ടായിരുന്നു.

ഒരു വേട്ട മൃഗത്തെ പോലെ രക്തദാഹിയായി പാഞ്ഞു നടന്ന കാലം. അധികാരം ഉൻമാദത്തിന്റെ ദന്തഗോപുരങ്ങൾ തീർത്ത കാലം, ബൂട്ടുകൾക്കിടയിൽ രക്തം പുരട്ടിത്തന്ന നഗ്നദേഹങ്ങൾ. കാതിന് ഇമ്പമേകിയിരുന്ന നിലവിളികൾ. മുപ്പതു വർഷത്തെ സർവ്വീസ് സമ്മാനിച്ചത് ക്രൂരതയുടെ മുഖം. പുതപ്പിനടിയിലും അയാൾ തന്റെ വലിയ മീശ വെറുതെ തടവി നോക്കി.

വർഷങ്ങൾക്കപ്പുറവും മഴയത്ത്

ആരുടെയൊക്കെയോ കാലൊച്ചകൾ തന്നെ പിൻതുടരുന്നതുപോലെ അയാൾക്ക് തോന്നി. മരിച്ചിട്ടു മഴയത്തു തന്നെ നിൽക്കുന്നവർ...........


ഗൗണിനുളളിൽ അയാളുടെ ദേഹം അസ്വസ്ഥമായി. അയാളെഴുന്നേറ്റ് ആ ഗൗൺ ഊരിയെറിഞ്ഞ് നഗ്നതയിൽ അഭയം പ്രാപിച്ചു. അനന്യമായ ആ നഗ്നതയിലും അയാളുടെ ദേഹത്ത് വിയർപ്പു തുളളികൾ പൊടിഞ്ഞു കൊണ്ടിരുന്നു.

പുറത്ത് അതുവരെ ഉണ്ടായിരുന്ന എല്ലാ ശബ്ദങ്ങളേയും ഇല്ലാതാക്കിക്കൊണ്ട് ദൂരെ നിന്നും ഒരു പെരുമഴ ഇരമ്പിയാർത്തെത്തു

രാത്രിമഴ
യിലും
പുറത്ത്
കാലൊച്ചകൾ
അയാൾക്കായി
കാത്തുനിന്നു

മ്പോൾ അയാൾ മുറിയിലെ ഇരുട്ടിൽ അസ്വസ്ഥനായി നടക്കുകയായിരുന്നു. അപ്പോൾ അയാൾ ഒരു സിംഹത്തെ ഓർമ്മിപ്പിച്ചു. ഒരു പാടെണ്ണത്തിനെ പിച്ചിച്ചീന്തി യൗവ്വനം നീക്കിയ സിംഹം... പല്ലും നഖവും കൊഴിഞ്ഞ് ജരാനരകൾ ബാധിച്ച് ദു:സ്വപ്നങ്ങൾ മാത്രം കണ്ടുറങ്ങുന്ന സിംഹം...

രാത്രിമഴയിലും പുറത്ത് കാലൊച്ചകൾ അയാൾക്കായി കാത്തുനിന്നു.



മൊബൈൽ ഫോൺ നിർത്താതെ ചിലക്കുകയാണ്.

ഫോൺ അറ്റന്റ് ചെയ്യണോ? വേണ്ട, അതായിരിക്കും നല്ലത്. ഉത്തരങ്ങൾ കൂടുതൽ ചോദ്യങ്ങൾ സൃഷ്ടിക്കും ലൈഫ് ലോങ്ങ് സിം കാർഡാണ്. ഇൻ കമിംഗ് കോളുകൾ ഇനി വന്നു കൊണ്ടേയിരിക്കും- ലൈഫ് ലോങ്ങായി.

തിരിച്ച് ഒരു മെസേജിനുതന്നെ കൃത്യം കാഷ് ബാലൻസുണ്ട്. അതെന്ത് ചെയ്യണം എന്നൊരു തീരുമാനം മാത്രമേ ഇനി കുഞ്ഞാപ്പുട്ടിയ്ക്ക് എടുക്കാനുണ്ടായിരുന്നൊള്ളു. ബാക്കിയെല്ലാം ശുഭം.

പണ്ട് ഇറവെള്ളം കുത്തിയൊലിച്ച് കൈതമുണ്ടകൾക്കിടയിലൂടെ വലിയ നീർച്ചാലുകൾ തീർക്കുമ്പോൾ ഓവു പാലത്തിന്റെ ഇങ്ങേ സൈഡീന്ന് അപ്പുറത്തു നിൽക്കുന്ന സൈനബാക്ക് ചേമ്പിലകളിൽ പളുങ്കുമണികൾപോലെ ജലത്തുള്ളകൾ ഒറ്റിച്ച് കുഞ്ഞാപ്പുട്ടി മെസേജ് അയച്ചിരുന്നു.

# ലൈഫ് ലോങ്ങ്

മനാഫ്.കെ.കെ.
രണ്ടാംവർഷ സാമ്പത്തികം

അതെല്ലാം ഫ്രീ മെസേജായിരുന്നു.

കുഞ്ഞാപ്പുട്ട്യേ... കൂ...

വൈകിയാൽ പിന്നെ കിട്ടുന്ന കോളാണ്.

കിട്ടിയാലുടനെ തിരിച്ചു വിളിക്കണം

ഞാനിതാ വരുണുമ്മാ...

നെറ്റ്‌വർക്ക് ബിസിയാണെന്നും പറഞ്ഞ് മിണ്ടാതിരുന്നാ പിന്നെ ഉമ്മയുടെ സബ്സ്ക്രൈബർ പിണക്കത്തിന്റെ പേരിൽ ഔട്ട് ഓഫ് കവറേജ് ഏരിയയിലാകും.

നാട്ടിലെവിടെയും റേയ്ഞ്ചില്ലാതായപ്പോഴാണ് കുഞ്ഞാപ്പുട്ടിയുടെ വാപ്പ ഗൾഫിൽ പോയത്. അന്ന് അവന് ഒരുവയസ് മാത്രമേ പ്രായമുണ്ടായിരുന്നൊള്ളു അങ്ങനെ ഉപ്പ ഒരു സ്വപ്നവും ഉമ്മ സ്നേഹവുമായിരുന്നു കുഞ്ഞാപ്പുട്ടയ്ക്ക് നിലാവുള്ള രാത്രികളിൽ ഉമ്മയുടെ മടിത്തട്ടിലിരുന്ന് ആകാശത്തേക്ക് നോക്കി കുഞ്ഞാപ്പുട്ടി പറയും.

ഉമ്മ അമ്പിളി മാമനൊരു കണ്ണാടിയായിരുന്നെങ്കില് എനിക്കെന്റെ ഉപ്പാനെ കാണായിരുന്നൂല്ലെ ഉമ്മാ....

നെറ്റ്‌വർക്ക് ബിസിയാണെന്നും പറഞ്ഞ് മിണ്ടാതിരുന്നാ പിന്നെ ഉമ്മയുടെ സബ്സ്ക്രൈബർ പിണക്കത്തിന്റെ പേരിൽ ഔട്ട് ഓഫ് കവറേജ് ഏരിയയിലാകും



നിലക്കാത്ത ഓഫറുകളുടെ പ്രവാഹത്തിൽ കുഞ്ഞാപ്പുട്ടിയുടെ യുവത്വം നീന്തിത്തുടിക്കുകയായിരുന്നു. ഒരു രൂപക്കും 999 രൂപക്കുമെല്ലാം വാപ്പാനെയൊഴികെ എല്ലാം ലഭിക്കുമായിരുന്നു

നിലാവിൽ ഉമ്മയുടെ കണ്ണിൽ നിന്നു മുത്തുപൊഴിയുന്നതുപോലെ കുഞ്ഞാപ്പുട്ടിയ്ക്ക് തോന്നി. ഈന്തപ്പനയുടെ നാട്ടിൽനിന്നും കൈനിറയെ സമ്മാനവുമായി വരുന്ന ഉപ്പ അവന് കാത്തിരിപ്പിന്റെ ഒരു പ്രതീകമായിരുന്നു.

ചാനലുകാർ അവന്റെ ഉമ്മയുടെ കണ്ണുനീർ ഒപ്പിയെടുത്ത് പ്രവാസലോകത്തിൽ പ്രദർശിപ്പിക്കുമ്പോഴേക്കും അവനൊരു യുവാവായിത്തീർന്നിരുന്നു.

നിലക്കാത്ത ഓഫറുകളുടെ പ്രവാഹത്തിൽ കുഞ്ഞാപ്പുട്ടിയുടെ യുവത്വം നീന്തിത്തുടിക്കുകയായിരുന്നു. ഒരു രൂപക്കും 999 രൂപക്കുമെല്ലാം വാപ്പാനെയൊഴികെ എല്ലാം ലഭിക്കുമായിരുന്നു. അതുകൊണ്ട് അവൻ സന്തോഷിച്ചു, ഉമ്മാനെ സന്തോഷിപ്പിച്ചു.

ഇടയ്ക്കൊരു ദിവസം കുഞ്ഞാപ്പുട്ടിയുടെ ഉമ്മ ഓഫറുകളില്ലാത്ത ഒരു ലോകത്തേക്ക് യാത്രയായപ്പോൾ ജീവിതത്തിന്റെ സെക്യൂരിറ്റി കോഡ് നഷ്ടപ്പെട്ടതുപോലെ അവന് തോന്നി

ആദ്യം വിളിച്ചത് 999 രൂപയ്ക്ക് ബൈക്ക് തന്ന കമ്പനിക്കാരായിരുന്നു.പിന്നെ അടവുനയത്തിൽ ടെലിവിഷൻ തന്ന ഇലക്ട്രോണിക്സ് കടക്കാരൻ തെരഞ്ഞു വന്നു.



അങ്ങനെ അതൊരു തുടർക്കഥയായി മാറാൻ തുടങ്ങിയപ്പോഴാണ് കുഞ്ഞാപ്പുട്ടി തന്റെ ലൈഫ് ലോങ്ങ് സിംകാർഡ് ബ്ലോക്ക് ചെയ്യാൻ തീരുമാനിച്ചത്. 10.30 നുള്ള മലബാർ എക്സ്പ്രസ്സിന് കാതോർക്കുമ്പോൾ അയാൾ അവസാനമായി

ഒരു മെസേജ് അയച്ചു. പൊടിപടലങ്ങളും മഴമേഘങ്ങളും കടന്ന് ആ മെസേജ് ഉപഗ്രഹത്തെ ലക്ഷ്യമാക്കി പറക്കുമ്പോൾ അയാളും പിറകെ പറക്കുകയായിരുന്നു. താഴേക്ക് നോക്കാതെ അവിടെ അറ്റുപോയ കൈയ്യിൽ മുറുകെപ്പിടിച്ചിരിക്കുന്ന സെൽ ഫോണിൽ ആരോ വിളിച്ചുണർത്തിയ റിംഗ് ടോണിന് കാത്തിരിക്കാതെ.......................................



മുരളീധരൻ, ചിറയിൽ
ഒന്നാം വർഷ സോഷ്യോളജി

# ലിമിറ്റഡ് സ്റ്റോപ്പ്

വെറുതെ കൈ കാണിച്ചതാണ്. സ്റ്റോപ്പില്ലാത്തിട്ടും ആ ബസ്സവിടെ നിർത്തി. പിന്നീട് പലപ്പോഴും അതാവർത്തിച്ചു. ലിമിറ്റഡ് സ്റ്റോപ്പ് ബസായിട്ടും അതവൾക്കായി നിർത്തി. എന്തോ ആ യാത്ര അവൾക്കിഷ്ടപ്പെട്ടു.

പ്രണയം ഒരു ഫാസ്റ്റ് പാസഞ്ചർപോലെ ചീറിപാഞ്ഞു. ടിക്കറ്റില്ലാത്ത യാത്ര മറ്റ് വണ്ടികളെ ഓവർടേക്ക് ചെയ്തു മുന്നേറി.

അറിഞ്ഞു അറിയാതെയും ആ യാത്രയിൽ അവൾക്ക് പലതും നഷ്ടമായി. എല്ലാം അയാൾ ചോദിച്ചതിന് അനുസരണയോടെ അവൾ നൽകിയതായിരുന്നു. എന്നിരുന്നാലും ആ ബന്ധം ചെക്കിങ്ങും പഞ്ചിംഗും ഇല്ലാതെ മുന്നോട്ട് നീങ്ങി.

അധികം താമസിയാതെ അവളാ സത്യമറിഞ്ഞു. ഈ യാത്രയിൽ ഒരാൾ കൂടി കയറാൻ തുടങ്ങിയിരിക്കുന്നു. പിറ്റേന്ന് മുതൽ ആ യാത്ര അവൾക്ക് ദുഃസ്സഹമായി തുടർന്നുള്ള യാത്രയിൽ അവർ ഒരുപാട് ഗട്ടറുകൾ ഹമ്പും ചാടി.

പിറ്റേന്ന് മുതൽ അവൾ കൈ കാണിച്ചിട്ടും ബസ്സ് നിർത്തിയില്ല. നനഞ്ഞ കണ്ണുകൾ ബസ്സിന്റെ പിന്നിൽ പതിഞ്ഞു. ചുവന്ന നിറത്തിൽ ലിമിറ്റഡ് സ്റ്റോപ്പ് എന്നെഴുതിയത് അപ്പോഴാണ് അവൾ കണ്ടത്.

താമസിയാതെ അവളാ സത്യമറിഞ്ഞു. ഈ യാത്രയിൽ ഒരാൾ കൂടി കയറാൻ തുടങ്ങിയിരിക്കുന്നു

# Love Lorn

Sithara Krishnakumar
II B.A English

Itb! Itb! She could hear those steps. But still she tried to listen to the criticism class. Her mind was getting prepared to light its candle. The sound of the steps increased, her heartbeats too. The candle thread was getting heated, the sound was now even closer.... the excitement was so heavy that it fell on her eyelids. She no more heard any other voice or noice. The candle started burning brightly in the cool breeze that accompanied the steps. She wanted to see the owner of those rhythmic steps...... But she didn't dare to open her eyes.

She couldn't keep her eyes closed for long. The sound was at its acme. She slowly opened her eyes and the rest of her sense organs only to receive those steps completely.....

The sound of the steps was now far away and has started fading out. Her heart broke down into pieces.... The wind made by those speedy steps put out that little candle in her mind.

She still sits in the class... on the same bench, in the same place... with her repaired heart, expecting that little candle to be lit again...



രാജേഷ്. പി.ടി
എം. എ ഇംഗ്ലീഷ്



# പരിണാമം


അവർക്കുമുന്നിൽ ഇപ്പോൾ മങ്ങിയ വെളിച്ചം മാത്രം...,

വർഷങ്ങൾക്കുമുമ്പ്
ക്യാമ്പസ്,
അടങ്ങാത്ത ധാർമ്മികബോധം
തികഞ്ഞ സ്ത്രീപക്ഷവാദം
സാഹിത്യത്തിൻ ചാലിച്ച പ്രസംഗം,
ഗാംഭീര്യമുള്ള ശബ്ദം, രൂപം-
ഇവയെല്ലാം അവളെ അവനിലേയ്ക്കടുപ്പിച്ചു ഗാഢമായി.

അവർക്കുവേണ്ടി ചാവോക്കുമരങ്ങൾ പാടി,
നിശബ്ദമായി പൂമരങ്ങൾ പൂത്തു, പിന്നെയും, പലതവണ.

വർഷങ്ങൾക്കു ശേഷം...
ആ ഒറ്റപ്പെട്ടവീട്ടിൽ
അടഞ്ഞ വീതിലിനു പിറകിൽ,
മങ്ങിയ വെളിച്ചത്തിൽ അവളെക്കണ്ടപ്പോൾ , അവനിൽ,
ആ പഴയ ധാർമ്മികതയോ സ്ത്രീപക്ഷവാദമോ ഉണ്ടായിരുന്നില്ല...,
അവർക്കുമുന്നിൽ ഇപ്പോൾ മങ്ങിയ വെളിച്ചം മാത്രം.


അസ്മ.
ഒന്നാം വർഷ ഇംഗ്ലീഷ്



# ശിഥില ചിത്രങ്ങൾ

ഒരു മഴ കൂടി തിരിച്ച് പോകാൻ വെമ്പുന്നതിന്റെ ആരവം നിങ്ങളും കേൾക്കുന്നില്ലേ ? ചിലപ്പോൾ ഇല്ലായിരിക്കാം കാരണം നിങ്ങൾ കേൾക്കാത്ത പല ശബ്ദങ്ങളും ഞാൻ കേൾക്കുന്നു എന്നതിന്റെ പേരിലാണല്ലോ നിങ്ങളെന്നെ ഇവിടെ എത്തിച്ചത്. അതുമാത്രമോ നിങ്ങൾക്ക് ചിരി വരാത്ത ചില കാര്യങ്ങൾക്ക് ഞാൻ ചിരിക്കുകയും കരച്ചിൽ വരാത്ത പലകാര്യങ്ങൾക്കും ഞാൻ കരയുക കൂടി ചെയ്തു. തികച്ചും വ്യക്തിപരമായ ഇത്തരം കാര്യങ്ങളിൽ നിങ്ങളൊക്കെ എന്തിനിടപെടുന്നു എന്നത് എനിക്കിനിയും മനസ്സിലാകുന്നില്ല. ഒരിക്കലും ഞാൻ നിങ്ങളുടെ കാര്യങ്ങളിൽ ഇടപ്പെട്ടിരുന്നില്ലല്ലോ

പറയുന്നതിനിടയിൽ എതിരെ വന്ന കുളിർ കാറ്റിനാൽ പാറിപ്പറന്ന മുടി നേരെ കോതിവച്ചു. തൊണ്ടയനക്കിക്കൊണ്ട്, തനിക്കെന്തെങ്കിലും പറയാൻ അവസരം കിട്ടി എന്ന ആശ്വാസത്തോടെയായിരുന്നു അയാൾ പറഞ്ഞു തുടങ്ങിയത്.



'നേഹ നീ പറയുന്നത് ".........

ഇടയ്ക്കെപ്പൊഴോ വാക്കുകൾക്കായി പതറിയ ഒരു നിമിഷത്തിൽ നേഹയുടെ നേരെ നീണ്ട കണ്ണുകൾ അവളുടെ മുഖത്ത് തന്നെ ഉടക്കി നിന്നു. നേഹ ഒന്നും ശ്രദ്ധിക്കുന്നുണ്ടായിരുന്നില്ല. അവളുടെ നെറ്റിയിൽ വീണ നാലു വരകളും, ചിന്താപരതയുടെ ആഴത്തെ കുറിക്കുന്ന തുറിച്ച നോട്ടവും അയാൾക്ക് അപരിചിതമായിട്ടല്ല, പക്ഷേ വാക്കുകളെ പറ്റിക്കുന്ന ഈ ഭാവം അതവൾക്കെവിടെ നിന്നു കിട്ടി ? നോട്ടം പിൻവലിക്കാതെ തന്നെയാണ് നേഹ വീണ്ടും സംസാരിച്ചത്.

"ആ...... ഞാൻ പറഞ്ഞുവന്നത് മഴ തിരിച്ചു പോകാൻ വെമ്പുന്ന ശബ്ദം. നിങ്ങൾ കേൾക്കുന്നുണ്ടെങ്കിലും ഇല്ലെങ്കിലും ശരി.................... അങ്ങനെയൊരു ശബ്ദം ഈ ആശുപത്രി വരാന്ത കടന്ന് എന്റെ ഹൃദയത്തിന്റെ വാതിലിൽ മുട്ടുന്നുണ്ട്. പക്ഷേ ഇപ്പോൾ ആ മുട്ടലിൽ തുറക്കപ്പെട്ടത് നിങ്ങളുടെ കവാടമാണ്. നിങ്ങളുടെ നിർബന്ധത്തിനാണിവിടെ വന്നതെങ്കിലും ശരി വന്ന നിമിഷം മുതൽ നിങ്ങൾ പോകാനാഗ്രഹിക്കുന്നു. ശരിയല്ലേ ?"

മൗനിയാകാനുള്ള കഴിവിനെ അയാളുടെ ആത്മാവ് അഭിനന്ദിച്ചു കൊണ്ടേയിരിക്കുകയായിരുന്നു. അപ്പോൾ രോഷം പ്രകടിപ്പിക്കാനുള്ള ഏറ്റവും നല്ല ആയുധം അവൾക്ക് നിങ്ങൾ എന്നുള്ള, അപരിചിതത്വം തുളുമ്പുന്ന അഭിസംബോധന ആയിരുന്നുവല്ലോ ?

ഡോക്ടറോട് യാത്ര പറഞ്ഞ് പുറത്തേക്ക് നടക്കുമ്പോൾ നേഹയുടെ മൗനത്തിന്റെ തീവ്രത അയാളെ അങ്കലാപ്പിലാക്കുന്നുണ്ടായിരുന്നു. സാന്ദ്ര

നേഹ ഒന്നും ശ്രദ്ധിക്കുന്നുണ്ടായിരുന്നില്ല. അവളുടെ നെറ്റിയിൽ വീണ നാലു വരകളും, ചിന്താപരതയുടെ ആഴത്തെ കുറിക്കുന്ന തുറിച്ച നോട്ടവും അയാൾക്ക് അപരിചിതമായിട്ടല്ല, പക്ഷേ വാക്കുകളെ പറ്റിക്കുന്ന ഈ ഭാവം അതവൾക്കെവിടെ നിന്നു കിട്ടി



തയാർന്ന ആ മൗനത്തിന് ശേഷം ഗഹമായ ഒരു ചിന്ത പുറത്തേക്കൊഴുകുമെന്നയാൾ ഭയന്നു. അതിൽ സജീവതയാർജ്ജിക്കാൻ തനിക്കെപ്പോഴെങ്കിലും കഴിയുമോ എന്നയാൾ ഉൽകണ്ഠപ്പെട്ടു. എങ്കിലും നേഹയെ തനിയെ വിടുന്നതിനെക്കാൾ നല്ലത് സംസാരിപ്പിക്കുക തന്നെയാണ്.

"നേഹ നീയെന്താണാലോചിക്കുന്നത് ?"

"സ്വത്വത്തെക്കുറിച്ച്"

തിരമാലകൾ കാൽ നനയ്ക്കുന്നതും നോക്കി ഭാവഭേതമില്ലാതെയാണ് നേഹ തുടർന്നത്. ഊഷ്മളമായ വാക്കുകൾ.

"പലരുടെ മുമ്പിലും സ്വത്വമില്ലാതെ ഒരു ജീവിയായി മാറേണ്ടി വരുന്നു എന്നതാണെന്റെ പ്രശ്നം. മറ്റുള്ളവരുടെ സ്വഭാവത്തിന് യോജിക്കും വിധത്തിൽ എന്നെ മാറ്റാൻ ഞാൻ ശ്രമിക്കാഞ്ഞിട്ടല്ല.

**എവിടെയെങ്കിലും വെച്ച് ഏതെങ്കിലും ഒരു വാക്കിന്റെ ദൗർബല്യത്തിൽ ഞാൻ എന്നെത്തന്നെ പുറത്തെടുത്തു പോകും**

പക്ഷേ എവിടെയെങ്കിലും വെച്ച് ഏതെങ്കിലും ഒരു വാക്കിന്റെ ദൗർബല്യത്തിൽ ഞാൻ എന്നെത്തന്നെ പുറത്തെടുത്തു പോകും. സുഹൃദ്ബന്ധങ്ങൾ എന്നിൽ നിന്നകന്ന് പോകുന്നതങ്ങനെയാണ്. ഈ ലോകത്ത് ഞാൻ തനിച്ചാണെന്ന ബോധം അങ്ങനെ മാത്രമാണ് എന്റെ മനസ്സാക്ഷിയെ കീഴടക്കുന്നത്."

നേഹയുടെ വാക്കുകളിലെ തുടർച്ച അപ്പോൾ അലയടിച്ചു വന്ന കാറ്റിന്റെ നിസ്സഹായതയുമായി വളരെ അടുത്ത് നിൽക്കുന്നതാണെന്ന് അയാൾക്ക് തോന്നി.

"നീ ഒരിക്കലും തനിച്ചല്ല നേഹാ, ആയിരുന്നെങ്കിൽ പിന്നിട്ട വഴികളിലുടനീളം നിന്നോടൊപ്പം ഞാനും ഉണ്ടാകുമായിരുന്നില്ലല്ലോ."





ലോകത്തിലേക്ക് കണ്ണു തുറക്കാൻ ശ്രമിച്ചതിന് എന്തു കൊണ്ട് ഞാൻ എന്നിലേക്ക് ചുരുങ്ങുന്നു എന്ന് ചോദ്യം കൊണ്ട് നിങ്ങളെന്നെ നേരിട്ടു

അസാധാരണമായ ഒരു മറുപടി പ്രതീക്ഷിച്ചു കൊണ്ട് തന്നെയാണയാൾ നിർത്തിയത്.

"എപ്പോഴെങ്കിലും നിങ്ങൾക്കെന്നെ അംഗീകരിക്കാൻ കഴിഞ്ഞിട്ടുണ്ടോ?"

ചോദ്യത്തിന്റെ തീക്ഷ്ണതയിൽ അയാളുടെ തല അറിയാതെ ഉയർന്നു പോയി. മറുപടിയ്ക്ക് കാത്തുനിൽക്കാതെ നേഹ തുടർന്നു.

"ലോകത്തിലേക്ക് കണ്ണുതുറക്കാൻ ശ്രമിച്ചതിന് എന്ത് കൊണ്ട് ഞാൻ എന്നിലേക്ക് ചുരുങ്ങുന്നു എന്ന ചോദ്യം കൊണ്ട് നിങ്ങളെന്നെ നേരിട്ടു. ആ ചോദ്യത്തിലെ വിരോധാഭാസമാണെന്നെ അമ്പരപ്പിച്ചത്. ശരിക്കും മറ്റുള്ളവരെ അറിയാൻ ശ്രമിക്കുകയായിരുന്നുവല്ലോ ഞാൻ ചെയ്തത്. സമൂഹത്തിന്റെ അരാജക പ്രവണതയെ വിമർശിച്ചതിന് ഒരിക്കൽ നിങ്ങളെന്നോട് പിണക്കം ഭാവിച്ച് പ്രതിഷേധിച്ചു. സ്വത്വത്തെ കുറിച്ചും പിച്ചിച്ചീന്തപ്പെടുന്ന സാംസ്ക്കാരിക മൂല്ല്യങ്ങളെ കുറിച്ചും ഉറക്കെ ചിന്തിക്കാൻ തുടങ്ങിയതിന്റെ പേരിൽ മറ്റുള്ളവർ പരസ്യമായി എനിക്ക് ചാർത്തി തന്ന പേര് ഭ്രാന്തി എന്നത് ആത്മാവിൽ അതിരഹസ്യമായി ആയിരം തവണ നിങ്ങൾ ഉരുവിട്ടു. അവസാനം ആരുടെയൊക്കെയോ ഉപദേശങ്ങളും ഇഷ്ട

ങ്ങളും കണ്ടറിഞ്ഞ് നിങ്ങൾ പ്രവർത്തിച്ചു. നിങ്ങളെന്നെ ഹോസ്പിറ്റലിലെത്തിച്ചു. പക്ഷേ നിങ്ങൾക്ക് ശരിയ്ക്കറിയാം എനിക്ക് ഭ്രാന്തില്ലെന്ന്. എങ്കിലും നിങ്ങളുടെയുള്ളിലെ നിസ്സഹായനായ, അലസനായ യുവാവ് നിങ്ങളെക്കൊണ്ട് ഇതൊക്കെ ചെയ്യിക്കുന്നു. പിന്നെങ്ങനെ എന്നെ അംഗീകരിച്ചു എന്ന് പറയാൻ നിങ്ങൾക്ക് കഴിയും?"


ചോദ്യങ്ങളെ, പ്രത്യേകിച്ച് നേഹയുടെ ചോദ്യങ്ങളെ നേരിടാൻ അയാൾ പണ്ടേ അജ്ഞനായിരുന്നു. ഉത്തരങ്ങൾ കണ്ടെത്താനും അഥവാ കണ്ടെത്തിയാൽ തന്നെ പറയാനും അയാൾക്ക് മടിയായിരുന്നു. കാരണം ഉത്തരങ്ങൾ സ്ഥാപിച്ചെടുക്കുക എന്ന ശേഷി അയാൾക്കില്ലായിരുന്നു എന്നത് തന്നെ.

വീട്ടിലേക്കുള്ള ഇടവഴിയുടെ ഇരുവശത്തും തഴച്ചു വളർന്ന പൊന്തകളിൽ മഴവെള്ളം പറ്റി

തുള്ളിയായി നിൽക്കുന്നത് തട്ടിതെറിപ്പിച്ച് കൊണ്ടാണ് നേഹ നടന്നത്. അലക്ഷ്യമായി വന്ന കാറ്റ് തെറിപ്പിച്ച വെള്ളം അരുമയായ് സ്വീകരിച്ചു കൊണ്ട് നേഹ പറഞ്ഞു - നല്ല കാറ്റ്. അയാൾക്കും തോന്നാതിരുന്നില്ല. മനസ്സിന് തന്നെ ഒരു കുളിർമ വന്നതുപോലെ. നേഹ വളരെ കൂളായിരിക്കുന്നു. സൗമ്യയായ ഈ ഇളം കാറ്റിനെപ്പോലെ.



പക്ഷേ നിങ്ങൾക്ക് ശരിയ്ക്കറിയാം **എനിക്ക് ഭ്രാന്തില്ലെന്ന്.** എങ്കിലും നിങ്ങളുടെയുള്ളിലെ നിസ്സഹായനായ, അലസനായ യുവാവ്....



പ്രതികരണ ശേഷി നഷ്ടപ്പെടുമ്പോൾ, കയ്പേറിയ അനുഭവങ്ങളുടെ പാരമൃതയിലെത്തുമ്പോൾ മനുഷ്യൻ അഭിമുഖീകരിക്കുന്ന ഏറ്റവും അഭിലഷണീയമായ ഭാവമില്ലെ! നിസ്സംഗത

"രൂപേഷ്......"

നിങ്ങൾ എന്ന വിളിയിൽ നിന്നും പതിവു ശൈലിയിലേക്കുള്ള മാറ്റം അയാളെ അമ്പരപ്പിക്കാതിരുന്നില്ല.

"കാറ്റ് എന്നത് തികച്ചും വിചിത്രമായ ഒരനുഭവമാണ്. നമുക്ക് നമ്മുടെ അവസ്ഥയുമായി തട്ടിച്ചു നോക്കുമ്പോൾ ഏറ്റവും സൗമ്യത കൈവരുന്ന ഒരു പ്രകൃതി പ്രതിഭാസം. ഒരിളം കാറ്റിന് എത്ര കണ്ട് സാന്ത്വനം നൽകാൻ കഴിയും എന്ന് ചിന്തിച്ചിട്ടുണ്ടോ? ലോകത്തിന്റെ ശബ്ദകോലാഹലങ്ങളിൽ നിന്നും ഒറ്റപ്പെട്ട തുരുത്തുകൾ തേടിപ്പോകുന്നവരെ പോലെ ചിലപ്പോൾ അലക്ഷ്യവും നിസ്സഹായവുമാണത്. മറ്റ് ചിലപ്പോൾ നിരാലംബവും. സമകാലികമായ ഒരു നിസ്സംഗഭാവം കൂടി കാറ്റ് ആർജ്ജിച്ചിരിക്കുന്നു എന്ന വേണം കരുതാൻ. പ്രതികരണ ശേഷി നഷ്ടപ്പെടുമ്പോൾ, കയ്പേറിയ അനുഭവങ്ങളുടെ പാരമൃതയിലെത്തുമ്പോൾ മനുഷ്യൻ അഭിമുഖീകരിക്കുന്ന ഏറ്റവും അഭിലഷണീയമായ ഭാവമില്ലെ! നിസ്സംഗത, ആർദ്രമായ ഒരു കാറ്റിൽ പലപ്പോഴും എനിക്കത് കാണാൻ കഴിഞ്ഞിട്ടുണ്ട്. പ്രതിഷേധത്തിന്റെ സമര കാഹളമാണ് രൗദ്രതയാർന്ന ഒരു കാറ്റ് സമ്മാനിക്കുന്നതെന്നെനിക്ക് തോന്നാറുണ്ട് രൂപേഷ് "

അയാൾക്ക് സന്തോഷം തോന്നിത്തുടങ്ങിയിരുന്നു.

# അവൾ


ആലങ്കാരികതയ്ക്കല്ല വാക്കുകളുപയോഗിക്കുന്നത്; പ്രവർത്തിക്കാനാണെന്നറിഞ്ഞപ്പോൾ...

വർണ്ണനകൾ വാക്കിൽ പ്രകടമായപ്പോഴും അയാൾ അവളെ തിരഞ്ഞെടുക്കുകയായിരുന്നു ഒരു കൂട്ടുകാരിയായിട്ട്. പക്ഷേ ആലങ്കാരികതയ്ക്കല്ല അവൾ വാക്കുകളുപയോഗിക്കുന്നത്; പ്രവർത്തിക്കാനാണെന്നറിഞ്ഞപ്പോൾ....... ശരിക്കും അയാൾക്ക് തന്നെ പരിഹസിക്കണമെന്ന് തോന്നി. ആരൊക്കെയോ പറയുന്നത് കേട്ട് നേഹയെ ഒരു സൈക്യാട്രിസ്റ്റിന്റെയടുക്കൽ എത്തിക്കേണ്ടതില്ലായിരുന്നു. ഒരാളെ നിർണ്ണയിക്കുന്നത് മറ്റുളളവരുടെ വീക്ഷണമാണ്. വീക്ഷണഗതിയുടെ വികലതയിൽ എന്തെല്ലാം സുവർണ്ണ ദൃശ്യങ്ങൾ അരോചകങ്ങളായി തീരുന്നു.

ചെയ്തത് തെറ്റാണെന്ന ബോധം അയാളെ മഥിച്ചു തുടങ്ങിയിരുന്നു. വർത്തമാനത്തെ കുറിച്ച് നേഹ ചിന്തിക്കാൻ തുടങ്ങി എന്നത് ഒരു കുറ്റമാണോ? അറിവിന്റെ ഒരു മഹാലോകം മനസ്സിലുണ്ടായിരുന്നിട്ടും ഉറക്കെ ചിന്തിക്കാൻ അയാൾ പേടിച്ചതിന് പിന്നിൽ ഭീരുത്വം മാത്രമായിരുന്നു. പക്ഷേ നേഹ അതു ചെയ്തപ്പോൾ താനുൾപ്പെടുന്ന ഒരു സമൂഹത്തിന് മുമ്പിൽ അവൾക്ക് ലഭിച്ച അവഹേളനത്തിന്റെ ആദ്യമാല തന്നിൽ നിന്നായിരുന്നുവല്ലോ എന്നോർത്തപ്പോൾ അയാൾക്ക് വേദന തോന്നി.

"യഥാർത്ഥത്തിൽ ഇന്നത്തെ നിസ്സഹായതയെ അല്ല, നിസ്സഹായത നടിക്കുന്ന യുവത്വത്തിന്റെ പ്രതിനിധിയാണ് രൂപേഷ് നീ" നേഹ വീണ്ടും വീണ്ടും തന്നോടത് പറയുന്നുണ്ടോ?

ചിന്തകൾ കാടുകയറിയപ്പോൾ തലപെരുത്ത് തുടങ്ങിയപ്പോൾ ഇരു വശത്തേക്കും തലയാട്ടി കൊണ്ട് അയാൾ തന്നോടുതന്നെ പ്രതിഷേധിച്ചു.



"രൂപേഷ് എന്റെ കുടെ നടന്ന് നിങ്ങളും വട്ട് പ്രകടിപ്പിക്കാൻ തുടങ്ങിയിരിക്കുന്നെന്ന് തോന്നുന്നു. എന്നെപ്പോലെ തലയാട്ടുവാൻ നിങ്ങളും പഠിച്ചിരിക്കുന്നു. ചിലപ്പോൾ നിങ്ങളുടെ മനസ്സ് എന്നെ എങ്ങനെ മറ്റുള്ളവരിലേക്ക് കൊണ്ട് വന്നതെന്നാലോചിക്കുകയായിരിക്കാം. നിങ്ങൾക്കറിയുമോ ശരിക്കും ഞാനിവിടെ എങ്ങിനെ ജീവിക്കും എന്നോർത്തിട്ട് എനിക്ക് പേടി തോന്നുന്നു."

അയാളുടെ കൈകൾ ഒരു പ്രതിജ്ഞക്കെന്നപോലെ നേഹയുടെ നേരെ നീണ്ടു.

"നേഹ......"

അയാളുടെ, ഒരിക്കലും താൻ കണ്ടിട്ടില്ലാത്ത ദൃഢതയ്ക്ക് മുന്നിൽ നെറ്റി ചുളിച്ച് നേഹ പകച്ചു നിന്നു.

"നേഹ എനിക്ക് നിന്നെ മനസ്സിലാകുന്നു. നമുക്ക് നമ്മിലേക്ക് സൂക്ഷിച്ച് നോക്കാനുള്ള സമയം വൈകികൊണ്ടേയിരിക്കുന്നു എന്ന് നിരന്തരം നീ എന്നെ ഓർമിപ്പിക്കുന്നു."

റോഡരികിലെ വാകയുടെ ഇലയിൽ നിന്നിറ്റു വീണ ഒരു മഴത്തുള്ളി അയാളുടെ ഉള്ളം കൈ നനച്ചു. കുളിർമ്മയാർന്ന ആ കൈക്കു മുകളിൽ തന്റെ കൈ അമർത്തി നിൽക്കവെ, സ്നിഗ്ദ്ധമായ മണ്ണിന്റെ ഗന്ധമുള്ള കാറ്റ് അവരെ കടന്ന് പോയി.

"ഈ മഴക്കാറ്റിൽ പോലും വരാൻ പോകുന്ന വസന്തത്തിന്റെ സുഗന്ധം ഞാനനുഭവിക്കുന്നു രൂപേഷ്."

പ്രത്യാശയാർന്ന അവളുടെ നിശ്വാസങ്ങൾ ദലമർമ്മരങ്ങളിൽ അലിഞ്ഞില്ലാതായി.

ഈ മഴക്കാറ്റിൽ പോലും വരാൻ പോകുന്ന വസന്തത്തിന്റെ സുഗന്ധം ഞാനനുഭവിക്കുന്നു...

# മഴ,

തിമിർത്ത് പെയ്യുന്ന മഴ.

ഒരു കുടം വെള്ളം കണക്കേ തുള്ളികൾ. മുന്നിലെ റോഡു കാണാനാകാതെ ഡ്രൈവർബസ്സ് നിറുത്തി. പാർശ്വങ്ങളിലെ ചില്ലിനിടയിൽ കൂടി നുഴഞ്ഞിറങ്ങാൻ വെമ്പുന്ന തുള്ളികളെ അവൾ തുടച്ചു നീക്കി. അലസമായി ഇട റിവീണ മുടിയിഴ കോതിയൊതുക്കി. പിന്നെ കൈ മാറോട് ചേർത്ത് കെട്ടി കൂനിയിരുന്നു. അപ്പോഴൊന്നും രാമൻ അവളെ പ്രത്യേകം ശ്രദ്ധിച്ചിരുന്നില്ല. തടിച്ചുമലർന്ന ചുണ്ടും നീണ്ടമുടിയുമുള്ള ഒരു പെൺകിടാവ്, അത്ര തന്നെ, അല്ലെങ്കിലും രാമന് അവളെ പരിഗണിക്കാൻ സമയം കിട്ടിയിരുന്നില്ല. നീണ്ടയാത്രകളത്രയും അവനെ വല്ലാതാക്കിയിരുന്നു. ഓർമ്മകളെ താലോലിച്ചും വേദന കുടിച്ചിറക്കിയും മരണത്തിനേത് മാർഗ്ഗമെന്ന് ചിന്തിക്കുന്നവനെ സമയമെവിടെ.

എല്ലാരിലും പോലെ പൂക്കൾ നിറഞ്ഞ വസന്തവും നേർത്തുപെയ്യുന്ന നിലാവും കുടചൂടിവരുന്ന മഴയും വിയർത്തു ചിരിക്കുന്ന വെയിലുമൊക്കെയായിരുന്നു രാമന് ജീവിതത്തിന്റെ പ്രതീക്ഷ. പക്ഷെ കാര്യങ്ങളൊന്നും കണക്കുകൂട്ടിയതുപോലെ നടന്നില്ല. നെൽകൃഷി നടത്തിയപ്പോൾ വരൾച്ചയുണ്ടായി, വാഴവെച്ചപ്പോൾ പേമാരിയും, കുരുമുളകും വാനിലയും മാറിമാറി കുത്തിയിട്ടും ജീവിതത്തിന് പൂവും കായും ഉണ്ടായില്ല. കടം കേറി തുലഞ്ഞ വീട്ടിൽ നിന്നും ഓരോരുത്തരായി ഒഴിഞ്ഞു നീങ്ങി, അച്ഛൻ മാവിൻകൊമ്പിലേക്ക്, അമ്മ റെയിൽവേട്രാക്കിലേക്ക്, ഇനി രാമനെ ബാക്കിയുള്ളു. അവനും എവിടെയെങ്കിലും പോയി സ്വസ്ഥമായി മരിക്കണം. വഞ്ചനകാട്ടിയ അധി

ബിജോയ് മാത്യു
ഒന്നാം വർഷ മലയാളം

# വിലാസം – മഴ

എല്ലാരിലും പോലെ പൂക്കൾ നിറഞ്ഞ വസന്തവും നേർത്തുപെയ്യുന്ന നിലാവും കുടചൂടിവരുന്ന മഴയും വിയർത്തു ചിരിക്കുന്ന വെയിലുമൊക്കെയായിരുന്നു





പിറ്റേന്ന് പത്രത്തിൽ **വാർത്ത** വന്നു. **കമിതാക്കൾ** ആത്മഹത്യ ചെയ്തു.

കാരിവർഗ്ഗത്തോടും പറഞ്ഞുപറ്റിച്ച ദൈവത്തോടും വിതക്കാൻ മണ്ണ് കുഴച്ചിട്ട പാവം വയനാട്ടുകാരോടും വെളുക്കെ ചിരിച്ചു കാണിക്കണം.

മഴയ്ക്ക് ശക്തി കൂടി സഹയാത്രികൻ പിറുപിറുത്തു നശിച്ച മഴ.

രാമൻ നിസംഗതയിലൊന്ന് പുഞ്ചിരിച്ചു. ചുറ്റിലും കണ്ണോടിച്ചു. ഒടുവിൽ അവളെയും ഇടക്കെപ്പോഴോ അവൾ അവനൊരു കണ്ണേറു കൊടുത്തു. രാമൻ തന്നെ നോക്കുന്നുണ്ടെന്ന് കണ്ടപ്പോൾ അവളുടെ കണ്ണുകൾ പരിഭവം പൂണ്ടു. കാറ്റിലുലയുന്ന കാറ്റാടിച്ചില്ല കണക്കെ കൺപീലികൾ നൃത്തം ചെയ്തു. അവനും രസം തോന്നി. അവൻ അവളെത്തന്നെ നോക്കിയിരുന്നു. ഇമവെട്ടാതെ.

നീലക്കണ്ണുകളാണ്. ജീവനുള്ള കവിൾത്തടം പുരികങ്ങൾക്കു നടുവിൽ കറുത്ത ഒരു പൊട്ട്, കുസൃതികളായ മുടിയിഴകൾ, വേഷം സുന്ദരമാണ്. പഠിപ്പുള്ളവൾ. അവളിൽ നിന്നും കണ്ണുകൾ പറിച്ചെടുത്ത് രാമൻ മഴയിലേക്ക് നോക്കി.

പരിഷ്കാരികൾ ഭാഗ്യവാന്മാരാണ്. അവർക്ക് കാശുണ്ട് ബന്ധങ്ങളുണ്ട്. സന്തോഷമുണ്ട്. പ്രതീക്ഷകളുണ്ട്. താനും അവരിലൊരാളായി ജനിച്ചിരുന്നെങ്കിൽ, മരിക്കാൻ ഒരുമ്പെടുകയില്ലായിരുന്നു. പലതും സ്വന്തമാക്കാമായിരുന്നു. ഒരു നല്ലഭാഷയും, ജോലിയും കൂടെകൂട്ടാമായിരുന്നു. നാട്ടിലെ പ്രഭാകരൻനായരുടെ വീട്ടിൽ എന്നും സന്തോഷമാണ്. അയാളുടെ മക്കൾ ദൂരെ നാട്ടിലെവിടെയോ പഠിക്കുന്നു. വലിയൊരു ബംഗ്ലാവുണ്ടവർക്ക്. ഒരു പാട് കാശും. ദൈവം അവരെ പറഞ്ഞു പറ്റിക്കാറില്ല. അതുകൊണ്ട് തന്നെ വരൾച്ചയും പേമാരിയും അവർക്ക് ഏശാറുമില്ല. അയാളുടെ മക്കൾ പുണ്യം ചെയ്തവരാണ് അവർ ആവശ്യപ്പെടുന്നതെന്തും അവർക്ക് കൊടുക്കും. തിരുവനന്തപുരത്തെ ഏതോ അധികാരിയോട് മകളുടെ വിവാഹം ഉറപ്പിച്ചിട്ടുണ്ട്പോലും. അവന് മഴ കൊള്ളേണ്ട, വെയില് കൊള്ളേണ്ട, വിയർത്തു നടക്കേണ്ട ദൈവത്തിന് പോലും അവനോട് ആരാധനയുണ്ടാകും സത്യം.

മഴ കുറഞ്ഞു. ബസ്സ് മുന്നോട്ടെടു

ത്തു. യാത്രക്കാരൊക്കെ ഉണർന്ന് നടുനിവർന്നിരുന്നു. എല്ലാവരുടെയും മുഖത്ത് സന്തോഷം. വേഗം വീടെത്താമല്ലോ. രാമൻ പുറത്തേക്കു നോക്കി.

മാനം തെളിഞ്ഞു വരുന്നു. വെളുത്ത മേഘശകലങ്ങൾ നീന്തിത്തുടങ്ങിയിരിക്കുന്നു. മണ്ണും ചെടികളും നനഞ്ഞ് കുതിർന്നിരിക്കുന്നു. മേഘങ്ങളിലൂടെ കിനിഞ്ഞിറങ്ങുന്ന പൊൻവെയിൽ ചെടികളെ വിളിച്ചുണർത്തുന്നു അവൻ ജനൽ തുറന്ന് മണ്ണിന്റെ മണം ആസ്വദിച്ചു.

ബസ്സ് പിന്നീട് നിറുത്തിയത് ലെവൽ ക്രോസിനടുത്താണ്. ഇരുത്തത്തിന്റെ മുഷിപ്പ് തീർക്കാനായി എല്ലാവരും പുറത്തിറങ്ങി. അവളും രാമൻ അവളെ നോക്കി പുഞ്ചിരിച്ചു. അവളും റോഡിനരികിലെ സിഗററ്റു പീടികയിലേക്ക് രാമൻ നടന്നു. പുകയൂതികൊണ്ട് തിരിച്ചു. കൂകിവിളിച്ചു കൊണ്ട് ചരക്കു വണ്ടി കടന്നുപോയി.

പിറ്റേന്ന് പത്രത്തിൽ വാർത്ത വന്നു.

കമിതാക്കൾ ആത്മഹത്യ ചെയ്തു.

സീത(22)

D/o പ്രഭാകരൻ നായർ

പഴയന്നൂർ

മഴ പേമാരിയായി...



ബിനു
എം. സി. ജെ

# യാഥാർത്ഥ്യങ്ങളിലൂടെയുള്ള അപഥസഞ്ചാരം

സ്ഥലം- ഗുജറാത്ത്

കാലം - 2002 ഫെബ്രുവരി - മാർച്ച്

തെരുവ് ഏതാണ്ട് ശാന്തമാണ്. ഒരിടത്തും വലിയ തിരക്കുകളും ബഹളങ്ങളുമില്ല. ചില ഭിക്ഷക്കാർ ഭീതിയോടെ പതുങ്ങിയിരിക്കുന്നുണ്ട്. കുറച്ച് നേരത്തേക്ക് ഒരു തിരക്ക് സൃഷ്ടിച്ചുകൊണ്ട് മാർവാടികളുടെ ഒരു ചെറിയ കൂട്ടം നിരത്തിലൂടെ കടന്ന് പോയി. തെരുവിൽ കച്ചവടമൊന്നും നടന്നിരുന്നില്ല. എല്ലാ കടകളും അടഞ്ഞു തന്നെ കിടന്നു. ചില പീടികൾക്ക് മുന്നിലെല്ലാം കരിഞ്ഞ മാംസകഷ്ണങ്ങൾ കിടക്കുന്നുണ്ട്.

എങ്ങുനിന്നോ ഓടിയെത്തിയ ഒരു നായ കരിഞ്ഞ ഇറച്ചിക്കഷ്ണം ആർത്തിയോടെ കടിച്ചു, പിന്നെയെന്തോ വേദനയോടെ കരഞ്ഞ് ഓരിയിട്ട് അവിടെ നിന്നും അപ്രത്യക്ഷനായി.

# ഇരുണ്ട ഒരു പാതയിൽ

ചെറിയ ഒരനക്കം. ക്ഷീണം ബാധിച്ച ശരീരത്തിൽ അധികപ്പറ്റെന്ന് തോന്നിപ്പിക്കുന്ന, തിളക്കമാർന്ന കണ്ണുകളോടെ വൃദ്ധൻ പുറത്തേക്കിറങ്ങി വന്നു



തെരുവിലെ ഇരുണ്ട ഒരു പാതയിൽ ചെറിയ ഒരനക്കം. ക്ഷീണം ബാധിച്ച ശരീരത്തിൽ അധികപ്പറ്റെന്ന് തോന്നിപ്പിക്കുന്ന, തിളക്കമാർന്ന കണ്ണുകളോടെ വൃദ്ധൻ പുറത്തേക്കിറങ്ങി വന്നു. നീണ്ടു നിൽക്കുന്ന താടിയെ കൈവിരലുകൾ ഓമനിച്ചു. പഴകി ദ്രവിച്ചു തുടങ്ങിയ കറുത്ത ഓവർകോട്ട് ഒതുക്കിവെച്ച് അയാൾ ചുറ്റിലും ഭീതിയോടെ നോക്കി.

അദ്ദേഹം ഒരു ചെറിയ പുസ്തകം മാറോട് ചേർത്തുപിടിച്ചിരുന്നു. നന്നായി ഒന്നമർത്തിയാൽ പൊടിഞ്ഞു പോകാൻ മാത്രം പഴക്കമുണ്ടായിരുന്നു അതിന്.

മാർച്ച് മാസത്തിന്റെ തുടക്കമായിരുന്നെങ്കിലും അന്തരീക്ഷത്തിൽ ചെറിയ തണുപ്പ് അവശേഷിച്ചിരുന്നു. വൃദ്ധന്റെ ശരീരം വല്ലാതെവിറക്കുന്നുണ്ടായിരുന്നു. അയാൾ നിരത്തിലേക്കിറങ്ങി. വേച്ചു വേച്ചു നടന്നു തുടങ്ങി.

വിറയാർന്ന ചുണ്ടുകൾ പതുക്കെ ശബ്ദിച്ചു.

ഫ്രെഡ്ഡീ .... ഹേയ് ഫ്രെഡ്ഡീ, താങ്കളെവിടെപ്പോയി?


നിശബ്ദതയിൽ അയാളുടെ ചെറിയ ശബ്ദത്തിന് അസാധാരണമാം വിധം മുഴക്കമുണ്ടായിരുന്നു. അത് തെരുവിന്റെ ഓരോ മൂലയിലും തട്ടി പ്രതിധ്വനിച്ചു.

കരിഞ്ഞ മാംസക്കഷ്ണങ്ങളിൽ നിന്നും മനം മടുപ്പിക്കുന്ന ദുർഗന്ധം വമിച്ചുകൊണ്ടേയിരുന്നു. തെരുവിൽ ഉടൽതേടി കണ്ണുതുറിപ്പിച്ചുകൊണ്ട് രക്തത്തിൽകുളിച്ച, ചില തലകൾ വൃദ്ധന്റെ മനസ്സിലേക്ക് ചാട്ടുളികളെറിഞ്ഞു. അതിലൊരു തല വൃദ്ധനെ നോക്കി പുഞ്ചിരിച്ചു . അത് ഫ്രെഡ്ഡിയുടേതായിരുന്നു.

ഫ്രെഡ്ഡിയുടെ നീളം കൂടിയ വലിയ താടിയും ,കഷണ്ടി കയറിയ പരന്ന നെറ്റിയും ഒരു ചുവന്ന യാഥാർത്ഥ്യമായ് വൃദ്ധന്റെ മനസ്സിനെ കീഴടക്കി.

അല്പനേരത്തേക്ക് വൃദ്ധൻ തകർന്നുപോയി , ക്ഷീണിതനായ് നിരത്തിലെ വെറും മണ്ണിലിരുന്നു.

**തങ്ങളുടെ** സ്വന്തം പുസ്തകം, തങ്ങളുടെ സ്വന്തം സ്വപ്നങ്ങൾ.... അത് **പാതിയോളം** കത്തിച്ചാമ്പലായിരുക്കുന്നു. ബാക്കി ഭാഗത്ത് **ഉണങ്ങിയ രക്തം**



കണ്ണുനീരിന് പകരം ചോരയൊഴുകി പതുക്കെ മന്ത്രിച്ചു.

ഫ്രെഡ്ഡീ., എന്റെ സുഹൃത്തേ...

വാക്കുകൾ, തൊണ്ടയിൽ കുരുങ്ങിക്കിടന്ന തേങ്ങലിന്റെ മുന്നിൽ വെറുമൊരു ഗദ്ഗദമായി കീഴടങ്ങി. അല്പം അകലെ കിടന്ന കബന്ധത്തിലേക്ക് വൃദ്ധന്റെ ദൃഷ്ടികൾ പതുക്കെച്ചെന്നെത്തി. പഴകി ദ്രവിക്കാറായ കറുത്ത ഓവർക്കോട്ട്...

വൃദ്ധൻ ഫ്രെഡ്ഡിയുടെ കാലുകൾ കെട്ടിപ്പിടിച്ച് കരഞ്ഞു. ചുറ്റുപാടും നോക്കി.

ഫ്രെഡ്ഡിയുടെ ശരീരത്തിനടുത്തായി അത് കിടക്കുന്നു. തന്റെ ! അല്ല തങ്ങളുടെ സ്വന്തം പുസ്തകം, തങ്ങളുടെ സ്വന്തം സ്വപ്നങ്ങൾ.... അത് പാതിയോളം കത്തിച്ചാമ്പലായിരുക്കുന്നു. ബാക്കി ഭാഗത്ത് ഉണങ്ങിയ രക്തം.

വൃദ്ധൻ പതുക്കെ തന്റെ കയ്യിലെ പുസ്തകത്തിലേക്ക് നോക്കി സമാധാനിച്ചു. കത്തിയെരിഞ്ഞത് തന്റെ കൈയ്യിലെ പ്രതിയല്ല. കണ്ണുകൾ പുസ്തകച്ചട്ടയിലെ അക്ഷരങ്ങളെ പെറുക്കിയെടുത്തു. സാവധാനം വായിച്ചു. കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ . അതിന് താഴെയായി അവരുടെ പേരുകളുണ്ടായിരുന്നു. വൃദ്ധന്റെ കണ്ണിൽ നിന്നൊലിച്ചിറങ്ങിയ കണ്ണുനീരിന്റെ ഗാഢത ഫ്രഡറിക്ക് ഏംഗൽസ് എന്നീ ഫ്രെഡ്ഡിയുടെ നാമം പൂർണ്ണമായും മായ്ച്ചുകളഞ്ഞു.

വൃദ്ധൻ പിന്നെയും കരഞ്ഞു.


ഫ്രെഡ്ഡീ, നീയും എന്നെവിട്ട് പോയല്ലോ.... അവസാനമില്ലാത്ത ഈ ഭീകരതക്ക് മുന്നിൽ, ഈ അന്ധതയുടെ മുന്നിൽ ജെന്നികൂടി നഷ്ടപ്പെട്ട ഞാൻ എങ്ങനെ പിടിച്ചു നിൽക്കും.. നമ്മുടെ സ്വപ്നങ്ങൾ എങ്ങനെ യാഥാർത്ഥ്യമാക്കും .. വാക്കുകൾ പിന്നെയും തേങ്ങലിന് കീഴടങ്ങി. വൃദ്ധൻ കണ്ണടച്ച് ഫ്രെഡ്ഡിയുടെ കാലുകളെ മുറുകിപ്പിടിച്ചിരുന്നു.

തെരുവിൽ വീണ്ടുമൊരു സ്ഫോടനം !

ആൾക്കൂട്ടത്തിന്റെ ആക്രോശങ്ങൾ... വൃദ്ധൻ തെരുവിന്റെ ഇരുളിലേക്ക് പതിയെ പതിഞ്ഞു. നിറഞ്ഞ പകലിൽ ആൾക്കൂട്ടം പന്തങ്ങളുമായ് വന്ന് ഫ്രെഡ്ഡിയുടെ ശരീരം കത്തിച്ച് തീ കാഞ്ഞു. തലകൊണ്ട് കാൽപ്പന്ത് കളിച്ചു.

നിരത്തിലെ ചോരയുടെ ചുവപ്പ് മേഘങ്ങളിൽ പ്രതിഫലിച്ചു. എല്ലാത്തിനും സാക്ഷിയാവേണ്ടിവന്ന സൂര്യൻ വേദനയോടെ പെട്ടെന്ന് മറഞ്ഞു.

ആകാശത്ത് നക്ഷത്രങ്ങൾ തെളിഞ്ഞു. ഫ്രെഡ്ഡി തികച്ചും ഒരു ഓർമ്മ മാത്രമായി




ത്തീർന്നു. രാത്രി വൃദ്ധന്റെ സ്വപ്നത്തിൽ ഫ്രെഡ്ഡി പ്രത്യക്ഷപ്പെട്ടു. വൃദ്ധനെ സമാശ്വസിപ്പിച്ചു.

മാർക്സ് താങ്കൾ എന്തിന് വിഷമിക്കുന്നു. ഇത് ഇന്നോ ഇന്നലെയെ തുടങ്ങിയതല്ലല്ലോ.... പലയുഗങ്ങളിലുമായി തുടർന്നു വരുന്നതല്ലേ ..? ചരിത്രത്തിന്റെ തനിയാവർത്തനങ്ങൾ ! താങ്കൾ പോർബന്തറിലേക്ക് പോകൂ... അവിടെ മോഹൻദാസിനെ കാണൂ. ഒരു പക്ഷേ അയാൾക്ക് താങ്കളെ മനസ്സിലാക്കാനാവും .

ഇരുട്ട് വെളിച്ചവുമായി പിന്നെയും ഇണചേർന്നു.. പുതിയൊരു പകൽ കൂടി. വൃദ്ധൻ ഉറക്കത്തിൽ നിന്നും ഉണർന്നു. വാതം ബാധിച്ച കാലുകളുടെ പ്രതിഷേധവും, അന്തരീക്ഷത്തിലെ തണുപ്പും വകവെക്കാതെ അയാൾ പോർബന്തറിലേക്ക് നടന്നു തുടങ്ങി. വഴിയോരത്ത് , കീരീടം വെച്ച കുരങ്ങിന്റെയും സിംഹാസനത്തിലിരിക്കുന്ന കാട്ടാളന്റെയും വലിയ വലിയ ചിത്രങ്ങളും, ആരാധനാലയങ്ങളും കാണുമാറായി. ഒടുവിൽ സൂര്യന്റെ തീക്ഷണതയുടെ ഉച്ചിയിൽ വൃദ്ധൻ പോർബന്തറിന്റെ തെരുവുകളിലെത്തി, മോഹൻദാസിനെ തിരക്കി, ആരും ഒന്നും പറഞ്ഞില്ല. എല്ലാവരുടെയും മുഖത്ത് അവജ്ഞമാത്രമായിരുന്നു.

തെരുവിന്റെ ഒരു കോണിൽ നിന്നും രക്തം ഒഴികിവരുന്നുണ്ടിരുന്നു. വൃദ്ധൻ അല്പം ഭീതിയോടെ അങ്ങോട്ട് നടന്നു. ഒടുവിൽ രക്തചാലിന്റെ ഉറവിടം കണ്ടെത്തി. അതൊരു മാംസവില്പനശാലയായിരുന്നു. മനുഷ്യമാംസം കമ്പികളിൽ കെട്ടിത്തൂക്കിയിട്ടി

രിക്കുന്നു. ഇറച്ചി വെട്ടുന്ന തടിക്ക് പിന്നിലിരിക്കുന്ന മനുഷ്യനെ തിരിച്ചറിയാൻ പ്രയാസമുണ്ടായില്ല. മൊട്ടത്തലയനായ മോഹൻദാസ് കയ്യിലുണ്ടായിരുന്ന വലിയ വടികൊണ്ട് കാക്കകളെയും പട്ടികളെയും ആട്ടിയോടിച്ചു. അയാളുടെ കണ്ണുകളിൽ നിരാശയും ദു:ഖവും ഊറിനിന്നിരുന്നു.

വൃദ്ധനെക്കണ്ട് അയാൾ ചോദിച്ചു.

എത്ര റാത്തൽ മാംസം വേണം? ഹിന്ദുവിന്റെ വേണോ അതോ....

അയാൾക്കത് മുഴുമിക്കാനായില്ല. ശ്ബ്ദം തൊണ്ടയിൽ കുരുങ്ങിക്കിടന്നു. കണ്ണുകളിൽ മഴപെയ്തു.

വൃദ്ധൻ അമ്പരന്നുപോയി, മോഹൻദാസിന്റെ മേൽമുണ്ടിൽ ഉണങ്ങിപ്പിടിച്ച രക്തം അയാളുടേത് തന്നെയെന്ന് വൃദ്ധന് മനസ്സിലായി. അതിൽ സ്നേഹം ഉണങ്ങിപ്പിടിച്ചിരുന്നു. വൃദ്ധൻ മോഹൻദാസിനെ ചേർത്ത് പിടിച്ച് നെഞ്ചിൽ പതുക്കെ തലോടി വിരലുകൾ വെടിയുണ്ട കയറിയ മുറിപ്പാടിൽ തടഞ്ഞു. ആ മുറിപ്പാടിൽ വൃദ്ധൻ കണ്ണുനീർ വർഷിച്ചു. അവിടം സുഖപ്പെടുത്തി.



മോഹൻദാസിന്റെ കണ്ണുകളിൽ വിസ്മയം. അയാളുടെ ബോധത്തിൽ ആഹ്ലാദത്തിന്റെയും ആശ്വാസത്തിന്റെയും വലിയ പെരുമ്പറകൾ മുഴങ്ങിക്കേട്ടു. വൃദ്ധന്റെ തിളക്കമാർന്ന കണ്ണുകളിലേക്ക് നോക്കിക്കൊണ്ട് മോഹൻദാസ് കരഞ്ഞു.

ഇത്രയും നാൾ അങ്ങെവിടെയായിരുന്നു ? നിരാശയുടെ തീച്ചൂളയിൽ കിടന്ന് നീറിക്കൊണ്ട് അങ്ങയുടെ ആഗമനം കാത്തിരിക്കുകയായിരുന്നു ഞാൻ . എന്റെ നെഞ്ചിൽ തുളഞ്ഞുകയറിയ വെടിയുണ്ട അവിടെക്കിടന്ന് പുകയുകയായിരുന്നു. എന്റെ കണ്ണുകളിൽ മഴക്കാലമായിരുന്നെങ്കിലും ഞാൻ ദാഹിച്ച് വലയുകയായിരുന്നു.

വെടിയുണ്ട കയറിയ മുറിപ്പാടിൽ തടഞ്ഞു. ആ മുറിപ്പാടിൽ വൃദ്ധൻ കണ്ണുനീർ വർഷിച്ചു. അവിടം സുഖപ്പെടുത്തി

നിനക്കിന്ന് ശാന്തത ലഭിച്ചില്ലേ ? പക്ഷേ ഞാനിപ്പോഴും അശാന്തിയുടെ പിടിയിലാണ്. എനിക്കതിൽ നിന്നും എങ്ങനെ മോചനം കിട്ടും

ഇന്നെനിക്ക് ആശ്വാസം തോന്നുന്നു. ആ വെടിയുണ്ടയുടെ ചൂട് ആറിപ്പോയതുപോലെ, എന്നിലേക്ക് ശാന്തത വരുന്നതുപോലെ.....

വൃദ്ധന്റെ കണ്ണുകൾ പിന്നെയും നനഞ്ഞു. അല്പനേരം എന്തോ ഓർത്തുകൊണ്ട് നിന്നു. അയാളുടെ ഹൃദയത്തിൽ നിന്നും വാക്കുകൾ പുറത്തേക്കൊഴുകിവന്നു.

മതി, നിറുത്തൂ

എന്നിലൂടെ നിനക്കിന്ന് ശാന്തത ലഭിച്ചില്ലേ ? പക്ഷേ ഞാനിപ്പോഴും അശാന്തിയുടെ പിടിയിലാണ്. എനിക്കതിൽ നിന്നും എങ്ങനെ മോചനം കിട്ടും ?

വൃദ്ധൻ തളർന്നുപോയിരുന്നു.

തളർച്ചയോടെ നിലത്തിരിക്കാൻ തുനിഞ്ഞ വൃദ്ധനെ, മോഹൻദാസ് പെട്ടെന്ന് കടന്ന് പിടിച്ചു, ഇറച്ചിക്കടയുടെ പിറകിലേക്ക് നടന്നു.

അവിടം സാമാന്യം വലിയ ഒരു പരീക്ഷണശാലയായിരുന്നു. ചില്ലുകൂടുകളിൽ ഒരുപാട് ജീവിക്കുന്ന സ്പെസിമെനുകൾ. പരീക്ഷണശാലക്ക് നടുവിൽ ചില്ലുകൂടുകൾക്ക് സമീപം ഉത്തരത്തിൽ പ്രതിരൂപാത്മകമായി ഒരു കുരുക്കും !

എവിടെ നിന്നോ വീണുകിട്ടിയ ഒരു ഊർജ്ജത്തോടെ

മോഹൻദാസ് പുലമ്പിതുടങ്ങി.


ഇതാണെന്റെ പരീക്ഷണശാല !

സത്യം കണ്ടെത്താനുള്ള എന്റെ പരീക്ഷണശാല. എല്ലാം... എല്ലാം.. പരാജയങ്ങളായിരുന്നു ഇതുവരെ. എങ്കിലും ഞാനൊന്ന് മനസ്സിലാക്കുന്നു. ഇനിയും ഒരുപാട് മുന്നോട്ട് പോകേണ്ടിയിരിക്കുന്നു. സത്യം അവശേഷിക്കുന്ന ഹൃദയങ്ങളൊന്നും എന്റെ ശേഖരത്തിൽ ശേഷിക്കുന്നില്ല.

എന്തുകൊണ്ടെന്നറിയില്ല അതെന്നെ വിഷമങ്ങളേലേക്ക് തള്ളിയിടുന്നു.


അഹിംസയുടെയും സത്യഗ്രഹത്തിന്റെയും പാതപോലും എന്നെ പൂർണ്ണതയിലേക്കെത്തിക്കുന്നില്ല. അന്തിമമായ പോരാട്ടത്തിൽ അവയെല്ലാം എന്നെ ഉപേക്ഷിച്ചേക്കുമെന്ന് തോന്നിപോകുന്നു. അതുകൊണ്ട് തന്നെ എന്റെ രക്തം ഇടക്കിടെ ചൂട് പിടിക്കുന്നു. മസ്തിഷ്കത്തിൽ ചുവന്ന ചിന്തകൾ യുദ്ധം ചെയ്യുന്നു. എനിക്കൊരു എത്തും പിടിയും കിട്ടുന്നില്ല.

മോഹൻദാസിന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ അയാളിൽ കൗതുകമുണർത്തി.



സത്യം അവശേഷിക്കുന്ന **ഹൃദയങ്ങളൊന്നും** എന്റെ ശേഖരത്തിൽ ശേഷിക്കുന്നില്ല

ഒടുവിൽ **അയാൾ** ഓടിക്കയറിയത് അടച്ചിട്ട വലിയ ചില്ലുകൂടിന് മുകളിലേക്കാണ്. **ഉത്തരത്തിൽ** തൂങ്ങിക്കിടന്ന കുരുക്ക് **എത്തിപ്പിടിച്ചു**. പിന്നെ **പൊട്ടിച്ചിരിച്ചു...** ശാന്തമായി...



അദ്ദേഹത്തിന്റെ ചിന്തകൾ വീണ്ടും ഫ്രെഡ്ഡിയിലേക്കെത്തി, കാഴ്ചക്ക് മങ്ങലേറ്റു. വൃദ്ധൻ ചിന്തിച്ചു. ജർമ്മനിയിലെ തന്റെ ആദ്യകാലങ്ങളെക്കുറിച്ച്, തന്റെ ജീവിതത്തിന്റെ വസന്തമായിരുന്ന ജെന്നിയെക്കുറിച്ച്, പാരിസിലെ തിരക്കുകൾക്കിടയിൽ ഒരവധൂതനെപ്പോലെ തന്നിലേക്ക് കടന്നുവന്ന പ്രിയപ്പെട്ട ഫ്രെഡ്ഡിയെക്കുറിച്ച്, പട്ടിണിയെക്കുറിച്ച്, ജെന്നിയുടെ ദുരിതങ്ങളെക്കുറിച്ച്, കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോയെ കുറിച്ച് .. ഒടുവിൽ ഫ്രെഡ്ഡിയുടെ ചോരപുരണ്ട ശരീരവും അറ്റുകിടന്ന തലയും വൃദ്ധന്റെ കണ്ണുകളിൽ ഒരു ചലച്ചിത്രം പോലെ ദൃശ്യമായി.

ഇത്തവണ വൃദ്ധൻ ശരിക്കും തളർന്നപോയിരുന്നു. ബോധം നശിച്ച് പരീക്ഷണശാലയിലെ പരുപരുത്ത നിലത്തേക്ക് മറിഞ്ഞുവീണു.

തന്റെ പരീക്ഷണശാലയിൽ മോഹൻദാസ് ഭ്രാന്തമായി ഓടിനടന്നു. ഒടുവിൽ അയാൾ ഓടിക്കയറിയത് അടച്ചിട്ട വലിയ ചില്ലുകൂടിന് മുകളിലേക്കാണ്. ഉത്തരത്തിൽ തൂങ്ങിക്കിടന്ന കുരുക്ക് എത്തിപ്പിടിച്ചു. പിന്നെ പൊട്ടിച്ചിരിച്ചു... ശാന്തമായി...